(ബി) പൊതുമരാമത്ത് നയത്തിൽ ഉൾപ്പെടുത്തുന്നതിനായി പരിഗണനയിലുള്ള പ്രധാന വിഷയങ്ങൾ വ്യക്തമാക്കുമോ ;

(സി) പൊതുമരാമത്ത് സ്വനയത്തിന്റെ ഭാഗമായി വകുപ്പിന്റെ പുനഃസംഘടന സംബന്ധിച്ച് നിലപാട് വ്യക്തമാക്കുമോ ;

(ഡി) പൊതുമരാമത്ത് രംഗത്തെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ. സ്വീകരിച്ചിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്ത് പുതിയതായി ഒരു പൊതുമരാമത്ത് നയം രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലില്ല.

(ബി & സി) ബാധകമല്ല.

(ഡി) പൊതുമരാമത്ത് രംഗത്തെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് ഇ-ടെണ്ടർ സംവിധാനം നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്. കൂടാതെ പൊതുമരാമത്ത് മാന്വൽ, സ്റ്റാൻഡേർഡ് ഡാറ്റാ ബുക്ക് എന്നിവ പരിഷ്ക്കരിക്കുന്നതിനുള്ള നടപടികളും തുടരുന്നു. ഇതു കൂടാതെ സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്കുമെന്റിന്റെ പരിഷ്ക്കരണവും അന്തിമഘട്ടത്തിലാണ്. പൊതുമരാമത്ത് പ്രവൃത്തികളെ സംബന്ധിച്ച് പരാതികൾ പരിഹരിക്കുന്നതിനും പൊതുജനങ്ങളുടെ അഭിപ്രായ സമാഹരണത്തിനും മെച്ചപ്പെട്ട നിർദ്ദേശങ്ങൾ സ്വീകരിക്കുന്നതിനുമായി പബ്ലിക് ഇൻഫർമേഷൻ സെൽ കാര്യക്ഷമമായി പ്രവർത്തിച്ചു വരുന്നു.

ഇതിനോടൊപ്പം ഓരോ ജില്ലയിലേയും പൊതുമരാമത്ത് പ്രവൃത്തികൾ അവലോകനം ചെയ്ത് പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

ഇടത്തരം ദേശീയപാതാ വികസനം

184 (4538) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇടത്തരം ദേശീയ പാതാ വികസനത്തിൽ ബി.ഒ.ടി. കരാർ വേണ്ടാ എന്ന നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗം എന്തൊക്കെ നിർദ്ദേശങ്ങളാണ് സർക്കാരിന് നൽകിയത് ;

(സി) ഇക്കാര്യത്തിൽ കൂടുതൽ പഠനം നടത്തുന്നതിനും റിപ്പോർട്ട് ലഭ്യമാക്കാനും എന്തെങ്കിലും ഉന്നതാധികാര സമിതിയെ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ ഇടത്തരം ദേശീയ പാതകളുടെ വികസനം സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ എന്തൊക്കെ മാർഗ്ഗ നിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത് ?

ഉത്തരം

(എ - ഡി) NH-49, NH-208, NH-212, NH-213, NH-220 എന്നീ പാതകൾ NHDP Phase-4 -ൽ ഉൾപ്പെടുത്തി പി.പി.പി. മുഖേന രണ്ടുവരി പേവ്ഡ് ഷോൾഡർ പാതയായി വികസിപ്പിക്കാൻ കേന്ദ്രസർക്കാരുമായി ധാരണാപത്രത്തിൽ ഒപ്പുവയ്ക്കുകയുണ്ടായി. സാദ്ധ്യതാ പഠനത്തിനായി കൺസൾട്ടന്റുകളെ നിയോഗിക്കുകയും അപ്രകാരം നിയോഗിച്ച കൺസൾട്ടന്റുകൾ NH-208, NH-212, NH-213 എന്നീ ദേശീയപാതകളുടെ സാദ്ധ്യതാ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ വ്യാപകമായ ജനകീയ ആവശ്യത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ വിളിച്ച് ചേർത്ത സർവ്വകക്ഷി യോഗ തീരുമാനത്തിന്റെയും സർക്കാർ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ ദേശീയപാതാ വികസനം ബി.ഒ.റ്റി. വ്യവസ്ഥ ഒഴിവാക്കി നടത്തണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്. ഇതിന്മേൽ കേന്ദ്രസർക്കാരിന്റെ ഔദ്യോഗിക പ്രതികരണം ലഭിച്ചിട്ടില്ല.

ഹൈവേ പ്രോജക്ടുകൾ

185 (4539) ശ്രീ. കെ. ബി. ഗണേഷ് കുമാർ :
ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വിദേശ സഹായത്തോടെയും അല്ലാതെയും ഏതെല്ലാം പ്രധാനപ്പെട്ട ഹൈവേ പ്രോജക്ടുകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ ; പ്രസ്തുത ഹൈവേകൾ ഏതെല്ലാം മാനദണ്ഡങ്ങൾ അനുസരിച്ചാണ് നടപ്പാക്കാൻ ഉദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഇപ്രകാരം നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പദ്ധതികളിൽ ടൂറിസം ഹൈവേയായി ഏതൊക്കെ പദ്ധതികളാണ് നിർണ്ണയിക്കപ്പെട്ടിട്ടുള്ളത് ?

ഉത്തരം

(എ) സംസ്ഥാനത്ത് ലോകബാങ്കിന്റെ സഹായത്തോടുകൂടി പൊതുമരാമത്ത് വകുപ്പ് കെ.എസ്.ടി.പി. എന്ന റോഡു വികസന പദ്ധതി നടപ്പിലാക്കി വരികയാണ്. ഇതിൽ കഴക്കൂട്ടം-തൈക്കോട് റോഡ്, എം.സി. റോഡിന്റെ തൈക്കോട് (വെഞ്ഞാറമൂട്) മുതൽ ചെങ്ങന്നൂർവരെയുള്ള ഭാഗം, തൊടുപുഴ-മൂവാറ്റുപുഴ-അങ്കമാലി റോഡ്, തൃശ്ശൂർ-കുറ്റിപ്പുറം റോഡ്, പാലക്കാട്-ഷൊർണ്ണൂർ റോഡ് എന്നിവയുടെ പുനർനിർമ്മാണവും, 1157 കിലോമീറ്റർ നിലവിലുള്ള കേരളത്തിലെ വിവിധ റോഡുകളുടെ ഉപരിതലം പുതുക്കലുമാണ് ഉൾപ്പെടുന്നത്. ലോകബാങ്കിന്റെ നിർദ്ദേശപ്രകാരം ലോകോത്തര നിലവാരത്തിലാണ് ഇതിന്റെ പണികൾ നടത്തിവരുന്നത്. ദേശീയപാത 47, 17, എന്നിവ NHDP Phase II/III എന്നിവയിൽ ഉൾപ്പെടുത്തി 4/6 വരിയായും, NH-49, NH-208, NH-212, NH-213, NH-220 എന്നിവ

LIBRARY ARCHIVES Kerala Legislative Assembly